## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 625 — 29/06/2015-ൽ മറുപടിക്ക്

### അട്ടപ്പാടിയിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എ.കെ.ബാലൻ :</td><td colspan="2">ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>ശിശു മരണങ്ങളെ തുടർന്ന് അട്ടപ്പാടിയിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കമോ ;</td><td rowspan="2">(എ) & (ബി)</td><td rowspan="2">അട്ടപ്പാടിയിൽ സംഭവിച്ച ശിശുമരണങ്ങളെ തുടർന്ന് വിവിധ സർക്കാർ വകുപ്പുകളുടെ മേൽനോട്ടത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നുണ്ട്. ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ പ്രധാനമായും ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ സർക്കാർ വകുപ്പുകളാണ് നടപ്പിലാക്കി വരുന്നത്. പദ്ധതികൾ ചുവടെ വിവരിക്കുന്നു.<br><br><u>1.പോഷകാഹാര നിലവാരത്തെക്കുറിച്ചുള്ള വിവരശേഖരണം</u><br>അട്ടപ്പാടിയിലെ 6 മാസം മുതൽ 5 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നീ വിഭാഗങ്ങൾക്കിടയിൽ പോഷകാഹാര കുറവുള്ളവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള സാമൂഹ്യക്ഷേമ വകുപ്പ് നടത്തിവരുന്ന പദ്ധതി.<br><br><u>2. സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം</u><br>മേൽ വിഭാഗത്തിൽപ്പെട്ടവരിൽ പോഷകാഹാര അപര്യാപ്തത കണ്ടെത്തിയിട്ടുള്ളവർക്ക് സാമൂഹ്യ നീതി വകുപ്പ് പോഷകാഹാര വിതരണം നടത്തുന്ന കേന്ദ്രസഹായ പദ്ധതിയാണിത്.<br>2013-14 വർഷത്തെ ചെലവ് - 1,70,88,251 രൂപ<br>2014-15 വർഷത്തെ ചെലവ് - 1,59,90,273 രൂപ<br><br><u>3. കമ്മ്യൂണിറ്റി കിച്ചൻ</u><br>ഊരുകൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ വഴി പൂരകഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതി. മേഖലയിൽ 172 അംഗൻവാടികൾ പ്രവർത്തിക്കുന്നു.<br>2013-14 വർഷത്തെ ചെലവ് - 1,98,82,859 രൂപ<br>2014-15 വർഷത്തെ ചെലവ് - 2,36,12,260 രൂപ<br><u>4. ജാതക് ജനനീ സോഫ്റ്റ് വെയർ</u><br>പോഷകാഹാര കുറവു മോണിറ്റർ ചെയ്യുന്നതിന് യൂണിസെഫ്, N.I.R.D. എന്നിവയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ സംവിധാനം. GIS ചെയ്യുള്ള ഉപയോഗപ്പെടുത്തുന്നു.</td></tr>
<tr><td>(ബി)</td><td>ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമാക്കമോ ;</td></tr>
</table>

| | | | |
|---|---|---|---|
| | | | **5. ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ**<br>ആരോഗ്യ വകുപ്പ് അട്ടപ്പാടി മേഖലയിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. ഗുരുതര വിളർച്ചാ രോഗമുള്ള കുട്ടികളെ കിടത്തി ചികിത്സിക്കുന്നു.<br>2014-15 വർഷത്തെ ചെലവ് - 10,94,000 രൂപ.<br><br>**6. സബല കിറ്റുകളുടെ വിതരണം**<br>പെൺകുട്ടികൾക്കു പൂരകപോഷകാഹാരം വിതരണം ചെയ്യുന്ന പദ്ധതി. സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കുന്നു.<br><br>**7. ഭക്ഷ്യസഹായ പദ്ധതി**<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി. പ്രാക്തനാഗോത്ര മേഖലയിൽ ഉൾപ്പെടെ വളരെ പിന്നാക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നു. 1600 പട്ടികവർഗ്ഗ കുടുംബങ്ങൾക്കു പദ്ധതി ആനുകൂല്യം ലഭിക്കുന്നു. 2014-15 വർഷം വിതരണം ചെയ്ത ഭക്ഷ്യധാന്യ കിറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾ:<br>ചെറുപയർ - 2Kg.<br>പഞ്ചസാര - 2Kg.<br>അരി - 5Kg.<br>വെളിച്ചെണ്ണ - 1 liter<br><br>ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 32,86,349/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>**8. ജനനീ ജന്മരക്ഷാ പദ്ധതി**<br>ടി പദ്ധതിയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് 43,77,550 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | അട്ടപ്പാടിയിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾക്ക് ഇപ്പോൾ മേൽനോട്ടം വഹിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കുമോ ; | (സി) | ബഹു. ഒറ്റപ്പാലം സബ്കളക്ടർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസറുമായ ശ്രീ. പി.ബി. നൂഹ്. ഐ.എ.എസ്. ആണ് പദ്ധതികൾക്ക് മേൽനോട്ടം നിർവ്വഹിക്കുന്നത്. |
| (ഡി) | പദ്ധതികൾ നടപ്പിലാക്കുന്നത് അവലോകനം ചെയ്യുന്നുണ്ടോ; എങ്കിൽ അവസാനം ചേർന്ന അവലോകന യോഗമെന്നായിരുന്നു ; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഡി) | എല്ലാ മാസവും അവലോകനയോഗം ചേരാറുണ്ട്. 25/05/2015 തീയതിയിൽ ചേർന്ന അവസാന യോഗത്തിന്റെ മിനുട്സ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ